## പതിനാലാം കേരള നിയമസഭ

## പത്താം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ : 6592 04.04.2018 - ൽ മറുപടിക്ക്

# കെ എസ് ടി പി യുടെ രണ്ടാം ഘട്ട റോഡ് നിർമ്മാണ പ്രവൃത്തികൾ

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.രാജു എബ്രഹാം : | ശ്രീ. ജി. സുധാകരൻ<br>(പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പ് മന്ത്രി) |
| (എ) കെ എസ് ടി പി യുടെ രണ്ടാം ഘട്ടത്തിൽ ഉൾപ്പെടുത്തിയിട്ടുള്ള റോഡ് നിർമ്മാണ പ്രവൃത്തികൾ ഏതൊക്കെയാണ്; ഓരോ പദ്ധതിയ്ക്കും എത്ര തുക വീതമാണ് വേണ്ടി വരിക; ഇതിനുള്ള ധന സമാഹരണം എങ്ങിനെ നടത്താനാണ് ഉദ്ദേശിച്ചിട്ടുള്ളത് ;<br><br>(ബി) ഈ പദ്ധതിയിലെ ഏതൊക്കെ പ്രവൃത്തികളുടെ നിർമ്മാണം ആരംഭിച്ചു എന്നും എത്ര ശതമാനം പ്രവൃത്തി ഇതേവരെ പൂർത്തിയാക്കി എന്നും ഇനം തിരിച്ച് വ്യക്തമാക്കാമോ ; | (എ) & (ബി) ലോകബാങ്കിന്റെ ധനസഹായത്തോടു കൂടിയാണ് കെ. എസ്. ടി. പി. രണ്ടാം ഘട്ട പദ്ധതികൾ നടപ്പിലാക്കുന്നത്. മൊത്തം പദ്ധതി തുക 2403 കോടി രൂപയാണ്. ഇതിൽ 56% ലോകബാങ്കും 44% സംസ്ഥാന സർക്കാരും എന്ന രീതിയിലാണ് ക്രമീകരിച്ചിരിക്കുന്നത്. കെ. എസ്. ടി. പി. രണ്ട് പദ്ധതിയിലുൾപ്പെട്ട റോഡ് നിർമ്മാണ പ്രവൃത്തികളുടെ വിശദവിവരങ്ങൾ അനുബന്ധമായി ചേർക്കുന്നു.<br><br>നിർത്തിവെച്ച തിരുവല്ല ബൈപ്പാസ് നിർമ്മാണം സ്റ്റീയിറിംഗ് കമ്മിറ്റിയുടെ നിർദ്ദേശ പ്രകാരം റീടെണ്ടർ നടത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. ഇതുവരെ തുടങ്ങാത്ത പുനലൂർ - പൊൻകുന്നം റോഡ് നിർമ്മാണം ലോകബാങ്കിന്റെ |

| | | | |
|---|---|---|---|
| | | | നിർദ്ദേശ പ്രകാരം EPC (എഞ്ചിനീയറിംഗ് പ്രൊക്യൂർമെന്റ് കൺസ്ട്രക്ഷൻ) രീതിയിൽ നടപ്പിലാക്കുന്നതിനുള്ള പ്രാരംഭ പ്രവൃത്തികൾ നടന്നു വരുന്നു. |
| (സി) | പദ്ധതിക്കായി ലഭിച്ച വായ്പയുടെ കാലാവധി എന്നാണ് അവസാനിക്കുന്നത്; തുടർ നിർമ്മാണത്തിന് ഫണ്ട് ലഭ്യമാക്കാൻ സർക്കാർ എന്ത് നടപടിയാണ് സ്വീകരിച്ചിട്ടുള്ളത് ? | (സി) | കെ. എസ്. ടി. പി. രണ്ട് പദ്ധതിയുടെ വായ്പാ കാലാവധി 30.04.2019 - ന് ആണ് അവസാനിക്കുന്നത്. ലോൺ കാലാവധി നീട്ടുന്നതിനുള്ള അനുമതിയ്ക്കായി ലോക ബാങ്കിനേയും, കേന്ദ്രസർക്കാരിനേയും ബഹു. പൊതുമരാമത്ത് വകുപ്പ് മന്ത്രിയുടെ നിർദ്ദേശ പ്രകാരം നേരിൽ കണ്ടു പൊതുമരാമത്ത് സെക്രട്ടറിയും, കെ. എസ്. ടി. പി. പ്രോജക്ട് ഡയറക്ടറും ചർച്ച ചെയ്തു. |

S. Bindu

**സെക്ഷൻ ഓഫീസർ**

# അനുബന്ധം

| പാക്കേജ് നമ്പർ | റോഡിന്റെ പേരും ദൈർഘ്യവും | കരാർ തുക (കോടി രൂപ) | നിലവിലെ പുരോഗതി (ശതമാനത്തിൽ) |
|---|---|---|---|
| UG - 1 | കാസർഗോഡ് - കാഞ്ഞങ്ങാട് റോഡ് (27.78 കി. മീ) | 133.05 | 83 |
| UG - 2 | പിലാത്തറ - പാപ്പിനിശ്ശേരി റോഡ് (20.90 ( കി. മീ) | 118.29 | 86 |
| UG - 3 A | തലശ്ശേരി - കളറോഡ് റോഡ് (28.80 കി. മീ) | 156.34 | 38 |
| UG - 3 B | കളറോഡ് - വളവുപാറ റോഡ് ( 25.20 കി. മീ) | 209.68 | 50 |
| UG - 4 | ചെങ്ങന്നൂർ - ഏറ്റുമാനൂർ റോഡ് ( 45.40 കി. മീ) | 293.58 | 97 |
| UG - 4 A | തിരുവല്ല ബൈപ്പാസ് (2.3 കി. മീ) | 31.80 | 56.10 |
| UG - 5 | ഏറ്റുമാനൂർ - മൂവാറ്റുപുഴ റോഡ് ( 40.96 കി. മീ) | 171.49 | 99.50 |
| UG - 6 | പൊൻകുന്നം - തൊട്ടുപുഴ റോഡ് ( 50 കി. മീ) | 227.13 | 99.20 |
| UG - 8 | പെരുമ്പിലാവ് - പെരിന്തൽമണ്ണ റോഡ് (41 കി. മീ) | 8.11 | 100 |
| UG - 7 | പുനലൂർ - പൊൻകുന്നം റോഡ് പൊതുസ്വകാര്യ പങ്കാളിത്തത്തോടെ (82 കി. മീ) | 747 (എസ്റ്റിമേറ്റ് തുക) | പി. പി. പി ആയി നടപ്പിലാക്കേണ്ട പദ്ധതി EPC വ്യവസ്ഥയിൽ നടപ്പിലാക്കുന്നതിന് തീരുമാനിച്ചു. |
| | സേഫ് കോറി ഡോർ ഡെമോൺ - സ്ട്രേഷൻ പദ്ധതി - കഴക്കൂട്ടം - തൈക്കോട് - അടൂർ റോഡിന്റെ ബി. സി. ഓവർലേയും മറ്റ് റോഡ് - സുരക്ഷാ പണികളും (80 കി. മീ) | 146.67 | 35 |

S. Bindu

**സെക്ഷൻ ഓഫീസർ**